**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/065/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 03 -12- 2024**

| | | |
|---|---|---|
| പരാതിക്കാരി | : | ശ്രീമതി. ജോസ്ന കെ.ജെ<br>കളത്തി വീട്ടിൽ വീട്,<br>മുണ്ടാംവേലിൽ പി.ഒ<br>എറണാകുളം - **682507** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തോപ്പുംപ്പടി, എറണാകുളം. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരിയായ ശ്രീമതി. ജോസ്ന.കെ.ജെ ഫോർട്ട് കൊച്ചി താലൂക്കിൽപ്പെട്ട, പള്ളുരുത്തി വില്ലേജിൽ, മുണ്ടൻവേലിയിൽ താമസക്കാരിയാണ് .2016 ൽ അവർ വിലയാധാരമായി വാങ്ങിയ 4 സെന്റ് വസ്തുവിൽ PMAY (Prime Minister Awas Yojana) പ്രകാരം ഒരു വീടിനുള്ള ധനസഹായം ലഭിക്കുകയും അവിടെ പുതിയതായി ഒരു ചെറിയവീട് നിർമിക്കുകയും ചെയ്തു. പരാതിക്കാരിയും കുടുംബവും BPL വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ വാങ്ങിയ വസ്തുവിൽ പഴയതും പൊളിഞ്ഞുവീഴാറായതുമായ ഒരു വീട് സ്ഥിതി ചെയുന്നുണ്ട്. അതിൽ ഒരു വൈദ്യുത കണക്ഷനും നിലനില്ക്കുന്നു. എന്നാൽ ആ കണക്ഷൻ ഒരു Jessy Paul എന്ന വ്യക്തിയുടെ പേരിലുള്ളതാണ്. വളരെ വർഷങ്ങൾക്ക് മുൻപ്

ഇതിന്റെ ഉടമസ്ഥയായിരുന്നവരുടെ പേരിലായിരിക്കാം ഈ കണക്ഷൻ നൽകിയിരുന്നത്. പ്രസ്തുത വസ്തു പല കൈമാറ്റം നടന്നാണ് **2016** ൽ ശ്രീമതി. ജോസ്സ, ജോൺസൺ കെ.സി എന്നയാളിൽ നിന്ന് തീറാധാരമായി വാങ്ങിയിരിക്കുന്നത്. **Jessy paul** ന്റെ പേരിലുള്ള കണക്ഷൻ സ്വന്തം പേരിലേയ്ക്ക് മാറ്റാനുള്ള അപേക്ഷ ലൈസൻസി നിരസിക്കുകയുണ്ടായി. പുതിയ വീട് നിർമ്മിച്ച ശേഷം **BPL** വിഭാഗത്തിൽപ്പെടുത്തി പുതിയ കണക്ഷൻ അപേക്ഷിച്ചതും ലൈസൻസി നിരസിക്കുകയുണ്ടായി. അങ്ങനെ പരാതിക്കാരി **CGRF (CZ)** ന് പരാതി നൽകുകയും നടപടികൾ പൂർത്തിയാക്കി **CGRF 19/09/2024** ൽ ഉത്തരവിറക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി നൽകിയിരിക്കുന്നത്.

## പരാതിക്കാരിയുടെ വാദം

The complainant had filed O.P No. 74/2024 before the CGRF Central Region Ernakulam on 27.08.2024 seeking new electric connection to her new house building situated at her 4 cents of property. There is also a dilapidated building 17/1509 D, with electric connection No. 10528 in the name of Jessy Paul which was purchased by complainant before 40 years. The petitioner after purchasing the aforesaid property during 2016 had applied for change of ownership from Jessy Paul to her name. The complainant during 2017 had applied for a residential building under PMAY scheme and the same was allowed and it is numbered as 22/1360 A. The complaint had applied for new connection stating that she is included in the BPL list and the new building is situated within 35 meters from the electric post where the service connection is provided to her old residence.

The respondent has denied the change of ownership and also new connection to her new residential building stating that in the ration card her residence is electrified. So the complainant is not eligible to get a new connection under the BPL scheme and further that the connection in the name of Jessy Paul cannot be changed.

The complaint which was heard on 10.09.2024 and the learned members of CGRF passed order on 19.09.2024 directing that the cost for the line extension work shall be borne by the complainant, in accordance with the approved cost date published by the Kerala State Electricity Regulatory Commission (KSERC). However, the respondent shall provide the service connection to the petitioner's new building using the licensee's own funds, as per KSEBL's Board Order No ;- B. O (FTD) No. 261/2022 (D (D & IT)/ D4/ Service connection/ 2021-22/0012) Thiruvananthapuram, dated 31.03.2022, if the petitioner meets the eligibility criteria.
The complainant's new residential building is situated within 35 meters and only the meter affixed in the oid building is to be shifted to her new building to provide her connection accordingly change the ownership in her favour.

The complainant had produced the aforesaid order before the respondent but the respondent is willfully and deliberately neglecting or ignoring to complying the direction of the Hon'ble CGRF Ernakulam amounts to contempt proceedings and leading disciplinary proceedings against the violation of the order passed by CGRF.

Hence in the interest of justice the Hon'ble Ombudsman may be please to direct the respondent to complying the order dated 19.09.2024 in OP No. 74/2024-25 by the Hon'ble CGRF Ernakulam within such stipulated time as directed by the Hon'ble Ombudsman for the ends of justice.

## എതിർകക്ഷിയുടെ വാദം

The new application received claiming BPL status is an invalid one. Since at the time of inspection the total connected load was 1514W.As per submitted ration card copy the building has already electrified and hence a service connection is not possible to provide. No comments. But ownership of service connection is with Jessy Paul and not with Mrs. Josna. The Hon'ble Additional District Magistrate conducted a hearing on 25.01.2024.In the hearing the ADM orally directed to avail the new service connection after remitting the necessary payment. During the hearing she claimed that she had a privilege as BPL Category.But she submitted a ration card copy in which the premise had already been electrified. The information provided seen as a wrong one.

The BO(FTD)No:261/2022 (DC(D&IT)/D4/Service connection/2021-22/0012)TVM dated 31.03.2022 dealt with BPL Service connection and therefore not applicable there since her application not meets eligibility criteria. Changing the same meter to another premise is violation of law.It was verified that there shall be a property crossing when the said electric post being used to provide new service connection. It may be noted that the new building is beyond 35 m and hence line extension is necessary to give connection either as new one or for meter shifting.

Since the petitioner not meeting the eligibility criteria, the service connection could not be effected for the time being.

In the supply code chapter 1 preliminary (2) Definition (67) premises states that it is exclusively for the building mentioned in the application form or agreement. Since the new building is not a part of application or agreement which have been executed around 40 years back,the shifting of meter is against the definition of premises.

The defnition of premise is not owing to the new building, the contention by Smt.Josna K.J shall not be a valid one and hence may not be possible to

confirm chapter (V), procedures and process clause 94. Kindly peruse the diagram of premises attached.It may be noted that the new building is beyond 35 m and hence line extension is necessary to give connection either as new one or as for meter shifting.
Another way of solving the problem is to treat the load of new building as an additional load and hence to regularize that load. The consumer may to be applied for load enhancement provided that the extension of line shall be permanent in nature confirming all safety protocols and upon payment of necessary fees as applicable.

## പരാതിക്കാരിയുടെ എതിർവാദം

എതിർകക്ഷിയുടെ തർക്കം നിയമവശാലോ കാര്യവശാല്ലോ നിലനിൽക്കുന്നതല്ല. വെറും കളവായ പ്രസ്താവനകൾ ചേർത്ത് പരീക്ഷണാർഥം ബോധിപ്പിച്ചിട്ടുള്ളതാണ്. ടി തർക്കം വിചാരണയ്ക്ക് എടുക്കാതെ തന്നെ പ്രഥമ ദൃഷ്ടാ തള്ളിക്കളയേണ്ടതാണ്.

കേരള ഇലക്ട്രിക് സപ്ലൈ കോഡ് ഡെഫിനിഷൻ 67 പരമാർശിക്കുന്നത് പരാതിക്കാരുടെ അപേക്ഷയ്ക്ക് ബാധകമല്ല. നിലവിലെ 10528 കണക്ഷൻ ജെസ്സി പോളിന്റെ പേരിലാണ് ഉള്ളത്. 2017ൽ പരാതിക്കാരി പേര് മാറാൻ നൽകിയപ്പോൾ എതിർകക്ഷികൾ ഫയലിൽ അപേക്ഷ സ്വീകരിച്ച് പരാതിക്കാരിക്ക് ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ നൽകിയില്ല. 2019 പരാതിക്കാരിയ്ക്ക് ബിപിഎൽ ലിസ്റ്റിൽ പി എം ആർ സ്കീമിൽ കൊച്ചി കോപ്പറേഷൻ വീട് അനുവദിച്ച് പണിപൂർത്തിയാക്കി വീട്ടുനമ്പർ നൽകിയപ്പോൾ പരാതിക്കാരി പുതിയ കണക്ഷന് വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ സ്വീകരിച്ചു ഫയലിൽ വച്ചതല്ലാതെ എതിർകക്ഷി യാതൊരു ആക്ഷേപവും നിർദ്ദേശിച്ചില്ല.

എതിർകക്ഷി ഡെഫിനിഷൻ 94 പരമാർശിച്ചിട്ടുള്ള പരാതിക്കാരിയുടെ പുതിയ കണക്ഷൻ വേണ്ടി ഉള്ള അപേക്ഷ 2019ൽ സ്വീകരിച്ചതിനുശേഷം പരാതിക്കാരിയെ മനപ്പൂർവം ദ്രോഹിക്കുന്നതിനു വേണ്ടിയാണ് നടപടികൾ എടുക്കാതിരിക്കുന്നത്. ടി ഡെഫിനിഷൻ 94 പരാതിക്കാരിക്ക് ബാധകമല്ല. പരാതിക്കാരി Annexure 10 പ്രകാരമാണ് ഷിഫ്റ്റിംഗ് അല്ലെങ്കിൽ പുതിയ കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ളത്. പരാതിക്കാരിയുടെ പഴയ വീടിന്റെ ജെസ്സി പോളിന്റെ പേരിലുള്ള കണക്ഷൻ നിലവിലെ പോസ്റ്റിൽ നിന്നും 32 മീറ്റർ പരിധിയിൽ മാത്രമാണ് സ്ഥിതിചെയ്യുന്നത്. ടീ വീടിനോട് ചേർന്ന് ഒരു മീറ്റർ മാത്രം അകലത്തിലുള്ള പുതിയ വീട് 35 മീറ്റർ പരിധിക്ക് ഉള്ളിലാണ് സ്ഥിതിചെയ്യുന്നത്.

**Kerala Supply Code 94 m "deviation of existing service line within his property"** പരാതിക്കാരിയുടെ കണക്ഷൻ ഷിഫ്റ്റിംഗ് ചെയ്യുന്നതിനോ പുതിയ കണക്ഷൻ നൽകുന്നതിനോ ആവശ്യമില്ല / ബാധകമല്ല. എതിർകക്ഷി ഹാജരാക്കിയിട്ടുള്ള **BPL HO Sanctioned - order 31.03.2022 Service connection above 200 meter** മാത്രമായതിനാൽ പരാതിക്കാരിക്ക് കണക്ഷൻ ഷിഫ്റ്റിംഗ് ചെയ്യുന്നതിനോ പുതിയ കണക്ഷൻ നൽകുന്നതിനോ ആയത് ബാധകമല്ല ബഹുമാനപ്പെട്ട ഓംബുഡ്സ്മാനെ തെറ്റിദ്ധരിപ്പിക്കുന്നതിന് എതിർകക്ഷി മനപ്പൂർവ്വം ഹാജരാക്കിയിട്ടുള്ളതാണ്.

എതിർകക്ഷി ഹാജരാക്കിയിട്ടുള്ള സൈറ്റ് പ്ലാൻ തീർത്തും കളവാണ്, പരാതിക്കാരി നിഷേധിക്കുന്നു. **ABCD** ആയി കാണിച്ചിരിക്കുന്ന ലൈൻ **ABCDE** വരെ നിലവിലെ പരിധിയിൽ ലൈൻ **35** മീറ്റർ താഴെയാണ്. **EF** ആയി കാണിച്ചിരിക്കുന്ന ലൈൻ എതിർകക്ഷിയുടെ ഭാവനയും കണക്ഷൻ പരാതിക്കാരിക്ക് ലഭിക്കണമെങ്കിൽ മറ്റു വസ്തു ഉടമസ്ഥൻമാരുടെ കൺസെൻറ് ആവശ്യം വരുമായിരിക്കും അത് എതിർകക്ഷി മനപ്പൂർവം മറച്ചുവെച്ച് ബഹുമാനപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്നതിന് സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

പരാതിക്കാരിയുടെ പേരിൽ ഇല്ലാത്ത വീടിൻറെ കണക്ഷൻ ക്യാൻസൽ ചെയ്ത് പരാതിക്കാരിയുടെ പേരിൽ പുതിയ കണക്ഷൻ പുതിയ വീടിന് നൽകുന്നതിന് എതിർകക്ഷിക്ക് യാതൊരു തടസമോ നഷ്ടമോ മറ്റു പ്രയാസങ്ങളോ ഇല്ലാത്തത് ആകുന്നു. എന്നിരുന്നാലും പരാതിക്കാരിയെ മനപ്പൂർവ്വം ദ്രോഹിക്കുന്നതിന് എതിർകക്ഷി പരിശ്രമിക്കുന്നത്. പരാതിക്കാരിയുടെ രണ്ട് പെൺകുട്ടികൾ **LLB & BA Degree course** കൾക്കും പഠിച്ചുകൊണ്ടിരിക്കുന്നു. പരാതിക്കാരിയുടെ അമ്മ വാർദ്ധക്യസഹജമായ പലവിധ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ബഹുമാനപ്പെട്ട **CGRF** എറണാകുളം, **19.09.2024** ലെ ഉത്തരവിന് ശേഷം എതിർകക്ഷി പരാതിക്കാരിയോട് **temporary** കണക്ഷൻ എടുക്കുവാൻ നിർദ്ദേശിച്ച് പരാതിക്കാരി അപ്രകാരം ക്യാഷ് അടച്ചു കൊണ്ടിരിക്കുന്നു. പരാതിക്കാരിയുടെ മക്കളുടെ പരീക്ഷയും പഠനവും ഓർത്താണ് കടംവാങ്ങി ആണെങ്കിലും ഇലക്ട്രിക് ചാർജ് നൽകിക്കൊണ്ടിരിക്കുന്നത്. പരാതിക്കാരിക്ക് ഉദ്ദേശം രൂപ **20,000/-** ഇതിനോടകം 'ചിലവായിട്ടുള്ളത് എതിർകക്ഷി കോമ്പൻസേഷൻ ആയി നൽകാൻ ബാധ്യസ്ഥനാണ്.

പരാതിക്കാരിയുടെ പഴയ വീടിന്റെ മേൽക്കൂരയുടെ ഒരു ഭാഗം **19.08.2024** കാറ്റിൽ ഇളകി പോയിട്ടുള്ളതാണ്. ടി വീട്ടിൽ താമസിക്കാൻ സാധിക്കാതെ

വെള്ളം ചോർന്ന് ഒലിച്ചിറങ്ങുകയും വീടിന്റെ 1 ചുമരുകൾക്ക് ബലക്ഷയം സംഭവിച്ചിട്ടുള്ളതുമാണ്. പരാതിക്കാരിയും മക്കൾക്കും അമ്മയ്ക്കും ടീവീട്ടിൽ കഴിഞ്ഞാൽ ജീവനു തന്നെ ആപത്താണ്. പരാതിക്കാരിക്ക് സർവീസ് കണക്ഷൻ ലഭിക്കാനുള്ളത് ഭരണഘടന ആർട്ടിക്കിൾ 21 ലെ മൗലിക അവകാശമാണ്. ആയതു നിഷേധിക്കുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിലക്കിയിട്ടുള്ളതുമാണ്. പരാതിക്കാരിക്ക് സർവീസ് കണക്ഷൻ നൽകാതിരിക്കുന്നത് സുപ്രീം കോടതിയുടെ പല വിധികളുടെ ലംഘനവും കോടതി അലക്ഷത്തിനും ഇടയായി തീരും.

ആയതിനാൽ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ പരാതിക്കാരിയുടെ സങ്കടം പരിഹരിക്കുന്നതിന് പരാതിക്കാരിയുടെ വീടും സ്ഥലവും സന്ദർശിച്ച് കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെട്ട് എതിർകക്ഷിയെ നിർദ്ദേശിച്ച് ഉത്തരം ഉണ്ടാക്കണമെന്നും എതിർകക്ഷിയുടെ തർക്കം നിരാഹരിക്കണമെന്നും താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 12/11/2024-ന് രാവിലെ 11:00-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരിയായ ശ്രീമതി. ജോസ്ന. കെ . ജെ യുടെ പ്രതിനിധിയായി അഡ്വക്കേറ്റ് ശ്രീ. ശ്രീകാന്ത്.എസ്.നായർ എതിർ കക്ഷിയായ ശ്രീ. ഷാജി.എം.ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തോപ്പുംപ്പടി, എറണാകുളം, എന്നിവരാണ് പങ്കെടുത്തത്.

പരാതിക്കാരിയായ ശ്രീമതി. ജോസ്ന. കെ . ജെ BPL - വിഭാഗത്തിൽപ്പെട്ട ഒരു കുടുംബനാഥയാണ്. കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽപ്പെട്ട മുണ്ടൻവേലി മുറിയിൽ സർവ്വേ നമ്പർ.118/5 ൽ പെട്ട 1 ആർ 62 ച . മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലം ഒരു പഴയകെട്ടിടമുൾപ്പെടെ 2016 ൽ തീറാധാരം വാങ്ങുകയുണ്ടായി. അന്ന് ആ കെട്ടിടത്തിൽ ഒരു വൈദ്യുത കണക്ഷൻ ഉണ്ടായിരുന്നു. ആ കണക്ഷൻ Jessy Paul എന്ന വ്യക്തിയുടെ പേരിലുള്ളതായിരുന്നു. 2017 ൽ തന്നെ പരാതിക്കാരി നിലവിലുണ്ടായിരുന്ന കണക്ഷൻ സ്വന്തം പേരിലേയ്ക്ക് മാറ്റാനുള്ള അപേക്ഷ നൽകിയിരുന്നെങ്കിലും ലൈസൻസി അതിൽ ഒരു നടപടിയും എടുത്തിട്ടില്ല. അപേക്ഷ നൽകിയെന്ന വിവരം ലൈസൻസി നിരസിക്കാത്തതിനാൽ അപേക്ഷ നൽകി എന്നത് ശരിയാണെന്ന് അനുമാനിക്കാം. എന്നു കൊണ്ട് ആ കണക്ഷൻ

പരാതിക്കാരിയുടെ പേരിലേയ്ക്ക് മാറ്റികൊടുത്തില്ല എന്നതിന് ലൈസൻസിയ്ക്ക് വിശദീകരണമില്ല.

2019 ൽ പരാതിക്കാരിയ്ക്ക് BPL ലിസ്റ്റിൽ PMAY Scheme ൽ Cochi Corporation അനുവദിച്ച വീട് പണി പൂർത്തിയാക്കി വീട്ടു നമ്പർ ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുതിയ വൈദ്യുത കണക്ഷന് അപേക്ഷ നൽകുകയും ചെയ്തു. ആ അപേക്ഷയിലും എതിർകക്ഷി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എതിർകക്ഷി നൽകിയ Statement of Fact ൽ പറയുന്നത് connected load 1514 W ആയതിനാലും റേഷൻ കാർഡിൽ വീട് വൈദ്യുതീകരിച്ചോ എന്ന ഭാഗം ടിക് ചെയ്തിരിക്കുന്നതിനാലും അവർക്ക് BPL വിഭാഗ പ്രകാരമുള്ള കണക്ഷന് അർഹതയില്ല എന്നതാണ്. Site Inspection സമയത്ത് നിർദ്ദേശിച്ച പ്രകാരം connected load 1000 ൽ താഴെയാക്കുകയുണ്ടായി എന്നത് പരാതിക്കാരി സ്ഥാപിക്കുന്നു. പരാതിക്കാരി ആദ്യം വാടകയ്ക്കു താമസിച്ചിരുന്ന വീട് വൈദ്യുതികരിച്ചിരിക്കുന്നതിനാലാണ് റേഷൻ കാർഡിൽ അങ്ങനെ രേഖപ്പെടുത്തിയിരുന്നത്. യഥാർത്ഥത്തിൽ പരാതിക്കാരിയായ Josna K . J യുടെ പേരിൽ വൈദ്യുത കണക്ഷൻ ഒരിടത്തും നിലവിലില്ല എന്നും BPL പ്രകാരമുള്ള ആനുകൂല്യം കണക്ഷൻ ലഭിക്കാൻ വേണ്ടി ഒരിടത്തും പ്രയോജനപ്പെടുത്തിയിട്ടില്ല എന്നും പരാതിക്കാരി പറയുന്നു. ലൈസൻസിയുടെ Fort Kochi ഇലക്ട്രിക് സെക്ഷനിലെ ഉദ്യോഗസ്ഥർ മനഃപൂർവ്വം കണക്ഷൻ നല്കാതിരിക്കുകയാണ് ഉണ്ടായത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. BPL വിഭാഗത്തിൽപ്പെട്ട ഒരു കുടുംബനാഥയോട് പഴയ കണക്ഷനിൽ നിന്നും Construction Purpose കാണിച്ച് അധിക താരിഫിൽ താൽക്കാലിക കണക്ഷനായിട്ടാണ് ഇത്രയും നാൾ ഉപയോഗിച്ചുകൊണ്ടിരിക്കാൻ നിർബന്ധിച്ചത്. പഴയ വീട് പൊളിഞ്ഞു വീഴാറായതിനാൽ പുതിയ വീട്ടിലേയ്ക്ക് താമസം മാറ്റേണ്ടിവന്നു എന്ന് മാത്രമല്ല അസുഖബാധിതയായ അമ്മയുള്ളതിനാലും അച്ഛൻ രോഗബാധിതനായി കിടപ്പിലായതിനാലും ലൈസൻസിയുടെ താല്പര്യങ്ങൾക്ക് വഴങ്ങി അമിത ചാർജിൽ താൽക്കാലിക കണക്ഷൻ ഉപയോഗിച്ചു വരികയായിരുന്നു.കുടുംബം പോറ്റാൻ വേണ്ടി ചെറിയ ജോലി ചെയ്തു ജീവിക്കുന്ന വ്യക്തിയ്ക്ക് ഇത് ഒരു അധിക ഭാരമാണ് എന്നത് അംഗീകരിക്കേണ്ടിവരുന്നു.

**PMAY** എന്ന കേന്ദ്ര സർക്കാർ സഹായം തദ്ദേശ സ്വയം ഭരണ സ്ഥാനങ്ങൾ വഴി വീടില്ലാത്ത നിർദ്ധനരായ (**BPL** ) വിഭാഗത്തിൽപെട്ടവർക്കാണ് നൽകുന്നത്. ശരിയായ കിടപ്പാടമില്ലാത്തവർക്ക് വീട് ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയുടെ പ്രയോജനം ലഭ്യമായതിനാലാണ് പരാതിക്കാരിയ്ക്ക് ഒരു വീട് നിർമ്മിക്കാൻ കഴിഞ്ഞത്. എന്നാൽ അതിൽ വൈദ്യുത കണക്ഷൻ നൽകുന്നതിൽ ലൈസൻസി അലംഭാവം കാണിച്ചിരിക്കുന്നു. റേഷൻ കാർഡിൽ വീട് **Electrified** എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരാതിക്കാരിയുടെ പേരിൽ വേറെ കണക്ഷൻ ഇല്ലാത്തതിനാൽ പരാതിക്കാരിയുടെ ഒരു സത്യവാങ് മൂലം വാങ്ങി കണക്ഷൻ നൽകാവുന്നതായിരുന്നു. കൂടാതെ **Connected Load** , **1000 W** താഴെയാക്കി മാറ്റി എന്നതും പരാതിക്കാരി സമ്മതിച്ചിരിക്കുന്നു.

കേരളം സമ്പൂർണമായും വൈദ്യുതീകരിച്ച സംസ്ഥാനം എന്ന നില കൈവരിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കൈക്കൊണ്ട നയത്തിന്റെ ഭാഗമായാണ് **BPL** വിഭാഗത്തിൽപ്പെട്ട വർക്ക് സൗജന്യമായി കണക്ഷൻ നൽകാനുള്ള തീരുമാനം എടുത്തിട്ടുള്ളത്. അതുകൊണ്ട് തന്നെ **KSEBL** ൽ **31/03/2022** ൽ ഒരു ഉത്തരവും ഇറക്കുകയുണ്ടായി. ആ ഉത്തരവിന്റെ പ്രസക്തഭാഗം താഴെ കാണുന്നതാണ്.

*To maintain the 100% electrified status of the State, KSEBL as per the B.Os read as 1st & 2nd above, had accorded sanction to give free connection to BPL households with a maximum of 1000W connected load (WP with support posts/post insertion plus a maximum of 200 m OH), using the KSEBL fund (Dyuthi Fund) for "Continued electrification" in the plan fund for the period is exhausted, as there are no other specific schemes in place for granting electricity connections to BPL households free of cost.*

*The matter was discussed in the Distribution Core Committee 2021 held on 30.11.2021 and decided that the following proposal shall be put forth.BPL households with a maximum of 1000 W connected load can be given free connection using the KSEBL fund, in cases where WP with support posts/post insertion plus a maximum of 250 m OH is required. The local bodies or any others willing shall be requested to remit the expenses for the portions beyond 250 m in length.*

*The matter was placed before the Full Time Directors as per the note read as 5th above.*

*Having examined the matter in detail, the Full-Time Directors in the meeting held on 02.02.2022. resolved to accord sanction for effecting service connections to BPL applicants having connected load of maximum 1000 watts with WP. Support Posts / Post Insertion and a maximum of 250m OH line,*

*using KSEBL's fund. Further resolved to request the local bodies or any others willing to remit the expenses for the portions beyond 250m length of OH line. Orders are issued accordingly.*

ഫോർട്ട് കൊച്ചി സെക്ഷനിലെ ഉദ്യോഗസ്ഥർ കേരള സർക്കാരിന്റെ നയങ്ങൾ പോലും നടപ്പിലാക്കാൻ വിമുഖത കാട്ടുന്നു എന്നത് വ്യക്തമാകുന്നു. ഇത് വളരെ ഗൗരവമായി കണക്കാക്കേണ്ട വസ്തുതയാണ്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ **Licensee** നടപടിയെടുക്കേണ്ടതാണ്.

ഇങ്ങനെ നോക്കുമ്പോൾ പരാതിക്കാരിയ്ക്ക് **2019** മുതൽ **BPL** വിഭാഗത്തിൽപ്പെടുത്തി കണക്ഷൻ നൽകേണ്ടതായിരുന്നു എന്ന് മനസിലാക്കാം. താൽക്കാലിക കണക്ഷന് ഗാർഹിക കണക്ഷനിൽ നിന്നും അധികം ഈടാക്കിയിട്ടുള്ള തുക പലിശ സഹിതം തിരികെ നൽകേണ്ടതുമാണ്. അതായത് **LT 1 A** ൽ ചാർജ് ചെയ്യേണ്ടതിന് പകരം **LT 6F** ൽ ഈടാക്കിയിട്ടുള്ള അധിക തുകയാണ് പലിശ സഹിതം തിരികെ നൽകേണ്ടത്. കൂടാതെ **KSERC (Standard for performance of Distribution Licensee ) Regulation 2015** പ്രകാരം കാല താമസം വേണ്ട സമയത്തേയ്ക്ക് നഷ്ടപരിഹാരവും നൽകേണ്ടതാണ്.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. പരാതിക്കാരിയുടെ പുതിയവീട്ടിലേയ്ക്കുള്ള കണക്ഷൻ **BPL** വിഭാഗത്തിൽ പെടുന്നതായതിനാൽ ആവശ്യമുള്ള **Post** കൾ സ്ഥാപിച്ച് ലൈസൻസിയുടെ ചെലവിൽ ഉടൻ നൽകേണ്ടതാണ്. ഈ തീരുമാനം ഉത്തരവ് കിട്ടി **2** ദിവസത്തിനകം നടപ്പിലാക്കി റിപ്പോർട്ട് നൽകേണ്ടതാണ്.
2. പരാതിക്കാരി പുതിയ വീട്ടിലെ **Connected Load 1000W** ൽ താഴെ നിലനിർത്തേണ്ടതാണ്.
3. പരാതിക്കാരിയുടെ പേരിൽ **BPL** വിഭാഗം എന്ന രീതിയിൽ വേറെ കണക്ഷൻ ലഭിച്ചിട്ടില്ല എന്ന സത്യവാങ്മൂലം ലൈസൻസിയ്ക്ക് നൽകേണ്ടതാണ്.
4. പരാതിക്കാരിയ്ക്ക് നൽകിയിരുന്ന താൽക്കാലിക കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടെങ്കിൽ ഉടൻ പുനഃ സ്ഥാപിക്കേണ്ടതാണ്.

5. പരാതിക്കാരിയുടെ കണക്ഷൻ അപേക്ഷ നൽകി (2019-ൽ ) 30 ദിവസത്തിനകം മുൻകാല പ്രാബല്യത്തോടെ നൽകിയതായി കണക്കാക്കി അധികം ഈടക്കിയിട്ടുള്ള തുക പലിശ സഹിതം തിരികെ നൽകേണ്ടതാണ് .
6. സർവീസ് കണക്ഷൻ നല്കാൻ കാല താമസം വരുത്തിയ കാലയളവിലേയ്ക്ക് **KSERC Regulation 2015** പ്രകാരം ദിവസേന **50** രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണ്.
7. തീരുമാനം **6** പ്രകാരം നൽകുന്ന നഷ്ടപരിഹാരം വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ തീരുമാനങ്ങൾ **(1 &4 )**ഒഴികെ ഈ ഉത്തരവ് കിട്ടി രണ്ടാഴ്ചയ്ക്കകം നടപ്പിലാക്കി റിപ്പോർട്ട് നൽകേണ്ടതാണ്.
8. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/065/2024/** തീയതി: **03/12/2024.**

**അയക്കുന്നത്:**

1. ശ്രീമതി. ജോസ്ന. കെ . ജെ , കളത്തി വീട്ടിൽ വീട്, മുണ്ടാംവേലിൽ പി.ഒ എറണാകുളം - **682507.**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തോപ്പുംപ്പടി,എറണാകുളം.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - **683503**